പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :370 — 12.01.2021 ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.യു.പ്രതിഭ | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, പൊതുവിതരണവും,<br>വകുപ്പ് മന്ത്രി |

**കായംകുളം മണ്ഡലം**

| | |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) കായംകുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിൻറെ കാലയളവിൽ നാളിതു വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇവയാണ്:<br>1) കായംകുളം സപ്ലൈകോ സൂപ്പർ മാർക്കറ്റ് നവീകരിച്ച് വിശാലവും സൗകര്യപ്രദവുമായ പുതിയ കെട്ടിടത്തിലേക്ക് മാറ്റി 2018 ജനുവരി 1 മുതൽ പ്രവർത്തനമാരംഭിച്ചു.<br>2) കൃഷ്ണപുരം മാവേലി സ്റ്റോർ നവീകരിച്ച് പുതിയ കെട്ടിടത്തിലേക്ക് മാറ്റി മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി 2020 ജൂലൈ 3 മുതൽ പ്രവർത്തനമാരംഭിച്ചു.<br>3) ഐക്യ ജംഗ്ഷൻ മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോറാക്കി നവീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.<br>4) കോവിഡ് വ്യാപനം മൂലം ജോലി നഷ്ടപ്പെട്ട് കായംകുളത്ത് കുടുങ്ങി പ്പോയ 60 ജംബോ സർക്കസ് കലാകാരന്മാർക്ക് 4 മാസം 395908/-രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ നൽകി.<br>5) കായംകുളത്ത് കുടുങ്ങിപ്പോയ 423 അതിഥി തൊഴിലാളികൾക്ക് കോവിഡ് അതിജീവന കിറ്റ് നൽകി.<br>കൂടാതെ കേരളത്തിൽ മൊത്തമായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ കായംകുളം നിയോജകമണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്: |

1) ആധാർ അടിസ്ഥാനമാക്കിയുള്ള റേഷൻ വിതരണം ആരംഭിച്ചു

2) റേഷൻ കടകൾ നവീകരിച്ചു

3) കോവിഡ് കാലയളവിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ